**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3773** **15-07-2022 - ൽ മറുപടിയ്ക്ക്**

**തെക്ക്-വടക്ക് ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നദികളെയും കായലുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള തെക്ക്-വടക്ക് ജലപാത പദ്ധതിയുടെ കോഴിക്കോട് ജില്ലയിലൂടെ കടന്ന് പോകുന്ന ഭാഗങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാൽ കോഴിക്കോട് ജില്ലയിൽ വടക്കുമ്പാട് പുഴ, ചാലിയാർ പുഴ, ബി.കെ. കനാൽ, കല്ലായി പുഴ, ഇ.കെ. കനാൽ, കോരപ്പുഴ, പയ്യോളി കനാൽ, കുറ്റ്യാടി പുഴ വഴി വടകര – മാഹി കനാലിലൂടെ തുരുത്തിമുക്ക് വരെയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കോഴിക്കോട് നഗരത്തിലൂടെ കടന്ന് പോകുന്നതും പശ്ചിമതീര കനാലിന്റെ ഭാഗമായതുമായ കല്ലായിപ്പുഴ മുതൽ ഇരഞ്ഞിക്കൽ വരെയുള്ള 11.20 കി.മീ ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. ഇരഞ്ഞിക്കൽ മുതൽ കോരപ്പുഴ വരെ ഉൾനാടൻ ജലപാതാ വികസനത്തിന് 600 ലക്ഷം രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനു വേണ്ടി 650 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നല്കിയിട്ടുണ്ട്. കോരപ്പുഴ മുതൽ കണയംകോട് വരെയും, കണയംകോട് മുതൽ അകലാപ്പുഴ വരെയും ഹൈഡ്രോഗ്രാഫിക് സർവ്വേ, വടകര – മാഹി കനാലിനു കുറുകെ മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജ്, കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ്, വെങ്ങോലി ബ്രിഡ്ജ്, എന്നിവയുടെ നിർമ്മാണം, തില്ലേരി താഴെ, കല്ലിൽ താഴെ, കറുവയൽ, കണ്ണൻകുട്ടി, പോതി മഠത്തിൽ എന്നീ സ്ഥലങ്ങളിൽ 5 നടപ്പാലങ്ങളുടെ നിർമ്മാണം, 5-ാം റീച്ചിൽ കനാൽ നിർമ്മാണം എന്നിവയാണ് പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിൽ നടപ്പാക്കുന്ന മറ്റ് പ്രവൃത്തികൾ. |
| (സി) | ജലപാതയൊരുക്കുന്നതിന് കോഴിക്കോട് ജില്ലയിലെ | (സി) | വടകര – മാഹി കനാലിന്റെ റീച്ച് - 1 ൽ കനാലിന്റെ |

| | | | |
|---|---|---|---|
| | ഏതെങ്കിലും ഭാഗങ്ങളിൽ ഭരണാനുമതി ലഭിക്കാനുണ്ടോയെന്ന് വിശദമാക്കാമോ? | | വികസന പ്രവൃത്തികൾ, റീച്ച് - 3ലെ ഉയർന്ന കട്ടിംഗ് ആവശ്യമുള്ള 800 മീറ്റർ ഭാഗത്തെ പ്രത്യേക സംരക്ഷണ പ്രവൃത്തി, കോട്ടപ്പള്ളി ബ്രിഡ്ജ് പുനർനിർമ്മാണം, എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ